# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നം.*595 28/03/2018-ൽ മറുപടിക്ക്

## മാതൃ മരണനിരക്കും, ശിശുമരണ നിരക്കും കുറയ്ക്കുന്നതിന് പദ്ധതി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.ഹൈബി ഈഡൻ<br>ശ്രീ.അൻവർ സാദത്ത്<br>ശ്രീ.വി.ടി.ബൽറാം<br>ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ | | ശ്രീമതി . കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |
| എ) | സംസ്ഥാനത്ത് മാതൃ മരണനിരക്കും, ശിശുമരണ നിരക്കും കുറയ്ക്കുന്നതിനുള്ള പദ്ധതിയുടെ ഭാഗമായി ഡോക്ടർമാർ, നഴ്സുമാർ, ജീവനക്കാർ എന്നിവർക്ക് പ്രത്യേക പരിശീലന പരിപാടി ആരംഭിച്ചിട്ടുണ്ടോ; | എ) | സംസ്ഥാനത്തു മാതൃ മരണനിരക്ക് കുറയ്ക്കുന്നതിന്റെ ഭാഗമായി തിരഞ്ഞെടുക്കപ്പെട്ട ആശുപത്രികളിലെ ഗൈനക്കോളജിസ്റ്റ്, പ്രസവമുറിയിൽ ജോലി ചെയ്യുന്ന മറ്റു ജീവനക്കാർ എന്നിവർക്ക് പരിശീലനം നൽകി. കേരള ഫെഡറേഷൻ ഓഫ് ഒബ്സ്റ്റട്രിക് ആൻഡ് ഗൈനക്കോളജിയുടെസഹായത്തോടെയാണ് പരിശീലനം നൽകിയത്.<br>രണ്ടാം ഘട്ട പരിശീലനം ജില്ലാ തലത്തിൽ നടന്നു വരുന്നു. ഇതുവരെ തിരുവനന്തപുരം, ആലപ്പുഴ ,കോട്ടയം, കോഴിക്കോട്, എറണാകുളം, തൃശൂർ, വയനാട് എന്നീ ജില്ലകളിൽ ജില്ലാ - തല പരിശീലനം നൽകി. ഗൈനക്കോളജിസ്റ്റ് , പ്രസവമുറിയിൽ ജോലി ചെയുന്ന നേഴ്സ് എന്നിവർക്കാണ് കേരള ഫെഡറേഷൻ ഓഫ് ഒബ്സ്റ്റട്രിക് ആൻഡ് ഗൈനക്കോളജിയുടെ സഹായത്തോടെ പരിശീലനം നൽകിയത്<br>ശിശുമരണ നിരക്ക് കുറയ്ക്കുന്നതിനായി എസ്.എൻ. സി യു ( സ്പെഷ്യൽ ന്യൂ ബോൺ കെയർ യൂണിറ്റ്)-ൽ പ്രവർത്തിക്കുന്ന ജീവനക്കാർക്കും പരിശീലനം നൽകി |

| | | | |
|---|---|---|---|
| ബി) | സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ഇത്തരം പരിശീലന പരിപാടികൾ സംഘടിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; | ബി) | സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ഇത്തരം പരിശീലന പരിപാടികൾ ആസൂത്രണം ചെയ് തു നടപ്പിലാക്കി വരുന്നു |
| സി) | ഹോം ഹെൽത്ത് എയ്ഡ്, ജെറിയാട്രിക് കെയർ അസിസ്റ്റന്റ് തുടങ്ങിയ കോഴ്സുകൾ സംസ്ഥാന ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | സി) | ജെറിയാട്രിക് കെയർ അസിസ്റ്റന്റ്, ഹോം ഹെൽത്ത് എയ്ഡ് ഇവ രണ്ടും മൂന്ന് മാസത്തെ പരിശീലനമാണ്. കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിന്റെയും, എൻ. ഐ. എച്ച്. എഫ് ഡബ്ല്യു-വിന്റേയും സഹകരണത്തോടെയാണ് ഈ പരിശീലന പരിപാടികൾ തുടങ്ങാൻ ഉദ്ദേശിച്ചിരിക്കുന്നത്. രോഗീ പരിചരണത്തിനും വൃദ്ധ ജന പരിപാലനത്തിനും വൈദഗ്ധ്യമുള്ള, യോഗ്യതയുള്ള ഹോം നഴ്സുമാരെ ലഭ്യമാക്കാനും ഇതുവഴി നിരവധി തൊഴിലവസരം സൃഷ്ടിക്കുവാനും കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ